നം. ഇ.എസ്3-1096/2022/ആ.വ.ഡ

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി: 22/10/2022

# നോട്ടീസ്

വിഷയം ആ.വ.ഡ -ശ്രീമതി.സലീന.എസ് -നഴ്സിംഗ് ഓഫീസർ തസ്തികയിലെ സീനിയോറിറ്റി സ്ഥാനം പുന.ക്രമീകരിച്ച് നോട്ടീസ് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച് -

പരാമർശം
1. DIII(2)452/06 KPSC Kozhikkod Dtd.07.12.2007
2. എ 5-11899/2011 ഡി.എം.ഒ(എച്ച്) പാലക്കാട് തീയതി.14.10.2011
3. ഇഎസ്3-76025/10/DHS DTD.03.01.2013
4. ഇഎസ്3-3845/2017/ആ.വ.ഡ തീയതി 20.07.2019
5. ഇഎസ്3-96320/2017/ആ.വ.ഡ തീയതി 16.10.2019

പാലക്കാട് ജില്ലയിലെ മുതലമട കുടുംബാരോഗ്യ കേന്ദ്രത്തിൽ നഴ്സിംഗ് ഓഫീസർ ഗ്രേഡ്1 ആയി ജോലി ചെയ്യുന്ന ശ്രീമതി.സലീന.എസ് പരാമർശം 1 പ്രകാരമുള്ള ശുപാർശ പ്രകാരം 03.01.2008 ന് കോഴിക്കോട് ജില്ലയിൽ നഴ്സിംഗ് ഓഫീസറായി (സ്റ്റാഫ് നഴ്സ് ഗ്രേഡ്2) ജോലിയിൽ പ്രവേശിച്ചു. ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതിൻറെ ഭാഗമായി പരാമർശം 2 പ്രകാരമുള്ള ഉത്തരവ് പ്രകാരം അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങി 19.10.2011 ന് പാലക്കാട് ജില്ലയിൽ നഴ്സിംഗ് ഓഫീസറായി ജോലിയിൽ പ്രവേശിച്ചു. പരാമർശം 4 പ്രകാരമുള്ള 2003-10 കാലയളവിലെ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്2) സീനിയോറിറ്റി പട്ടികയിൽ പരാമർശം 3 ഉത്തരവ് പ്രകാരം **3111 A** എന്ന സ്ഥാനം നൽകിയിരുന്നു.

ദ്വിഭരണ സമ്പ്രദായം അവസാനിപ്പിച്ചതിൻറെ ഭാഗമായി മെഡിക്കൽ എഡ്യൂക്കേഷൻറെ ഭാഗമായുള്ള സ്ഥാപനങ്ങളിൽ നിന്നും ആരോഗ്യവകുപ്പിൽ ജോലിയിൽ പ്രവശിച്ച് അന്തർ ജില്ലാ സ്ഥലംമാറ്റം വാങ്ങിയ ജീവനക്കാർക്ക് മാത്രമെ സീനിയോറിറ്റി പ്രൊട്ടക്റ്റ് ചെയ്ത് കിട്ടുകയുള്ളു. ശ്രീമതി സലീന.എസ് കോഴിക്കോട് ജനറൽ ഹോസ്പിറ്റലിൽ ജോലിചെയ്ത് വരവെയാണ് അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങി പാലക്കാട് ജില്ലയിൽ 19.10.2011 ന് ജോലിയിൽ പ്രവേശിച്ചത്. ആയിതിനാൽ ടിയാരിയുടെ സീനിയോറിറ്റി പ്രൊട്ടക്റ്റ് ചെയ്ത് കിട്ടുകയില്ല. ടിയാരിക്ക് പരാമർശം 3 ഉത്തരവ് പ്രകാരം നഴ്സിംഗ് ഓഫീസർ തസ്തികയിൽ അനുവദിച്ചിരുന്ന **3111 A** സ്ഥാനം റദ്ദ് ചെയ്ത് അന്തർജില്ലാ സ്ഥലംമാറ്റം വാങ്ങി പാലക്കാട് ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തീയതിയായ 19.10.2011 പരിഗണിച്ച് പരാമർശം 5 പ്രകാരമുള്ള 2010-16 ലെ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ്2) സീനിയോറിറ്റി പട്ടികയിൽ **199 A** നൽകി താൽകാലികമായി ഉൾപ്പെടുത്തി നോട്ടീസ് പുറപ്പെടുവിക്കുന്നു.

വിശദ വിവരം ചുവടെ ചേർക്കുന്നു

| Sl.No | Name | Date of Birth | Old Rank Number | New Rank Number |
|---|---|---|---|---|
| 1 | Sheeba.P.C | 19.06.1978 | 199 (2010-16) | 199 (2010-16) |
| **2** | **Saleena.S** | **15.05.1983** | **3111 A (2003-10)** | **199 A (2010-16)** |
| 3 | Mymoona.U | 21.04.1979 | 200 (2010-16) | 200 (2010-16) |

ടി നടപടിക്കെതിരെ ആക്ഷേപമുള്ളമുള്ളവർ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം മേലധികാരി മുഖേന രേഖാമൂലം ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ആക്ഷേപം സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത നടപടിയിൽ ആക്ഷേപം ഒന്നും ഇല്ലായെന്ന നിഗമനത്തിൽ ടി തീരുമാനം സ്ഥിരീകരിച്ച് ഉത്തരവാകുന്നതാണ്

Sd/-
Reena K J

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)

സ്വീകർത്താവ്

1. . എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും (വെബ്സൈറ്റ് മുഖാന്തിരം)
2. വ്യക്തികൾക്ക് (വെബ്സൈറ്റ് മുഖാന്തിരം)
3. ഫയൽ/കരുതൽ